പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1622 — 11.2.2013-ൽ മറുപടിക്ക്

## നവീനരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.പി.കെ.ബഷീർ | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) | സംസ്ഥാനത്ത് നവീനരീതിയിലുള്ള മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ എവിടെയെല്ലാം സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നത്; | എ) | പരിസ്ഥിതി പ്രശ്നങ്ങൾ രൂക്ഷമായിട്ടുള്ള പ്രധാന നഗരസഭകളിൽ നവീന രീതിയിലുള്ള ഖരമാലിന്യ സംസ്ക്കരണ പ്ലാന്റുകൾ വിശേഷിച്ചും മാലിന്യത്തിൽ നിന്നും വൈദ്യുതി ഉണ്ടാക്കാൻ കഴിയുന്ന (തിരുവനന്തപുരത്ത് - ചാല, കോട്ടയത്ത് - വടവാതൂർ, എറണാകുളത്ത് - ബ്രഹ്മപുരം , തൃശ്ശൂരിൽ - ലാലൂർ, കോഴിക്കോട്ട് - ഞെളിയൻപറമ്പ്, കണ്ണൂരിൽ - ചെലോറ എന്നിവിടങ്ങളിൽ) സ്ഥാപിക്കാനുള്ള നയപരമായ തീരുമാനം സംസ്ഥാന സർക്കാർ എടുക്കുകയും ആയത് പബ്ലിക് പ്രൈവറ്റ് പാർട്ട്ണർഷിപ്പ് (പി പി പി) അടിസ്ഥാനത്തിൽ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പിലാക്കാനും നടപടികൾ കൈക്കൊണ്ടുവരുന്നു |
| ബി) | ഇവയ്ക്ക് ഉപയോഗപ്പെടുത്തുന്ന സാങ്കേതികവിദ്യ വിശദമാക്കുമോ; | ബി) | പൈറോളിസിസ്, ഗ്യാസിഫിക്കേഷൻ, ബയോമെഥനൈസേഷൻ, ഇൻസിനറേഷൻ ഇവയിൽ ഒന്നിൽ കൂടുതൽ അടങ്ങിയ ഇന്റഗ്രേറ്റഡ് ടെക്നോളജി എന്നീ സാങ്കേതിക വിദ്യകൾ ഉപയോഗപ്പെടുത്തിയുള്ള പ്ലാന്റുകൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| സി) | ഇവയുടെ നിർമ്മാണം ഏതു ഘട്ടത്തിലാണ്; വ്യക്തമാക്കുമോ; | സി) | ഇവയിൽ തിരുവനന്തപുരത്തെ പ്ലാന്റിനുള്ള നടപടിക്രമങ്ങൾ പൂർത്തിയാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടികൾ എടുത്തുവരുന്നു. ശേഷിക്കുന്ന പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടി പൂർത്തിയാക്കി വരുന്നു. |
| ഡി) | പ്രധാന മുനിസിപ്പാലിറ്റികളിലെല്ലാം ആധുനിക പ്ലാന്റുകൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ ? | ഡി) | ഘട്ടം ഘട്ടമായി ആധുനികപ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ